അസംഘടിത കൈത്തറി മേഖലയ്ക്കുവേണ്ടി കേന്ദ്രത്തിൽനിന്നും അനുമതി ലഭിച്ച പദ്ധതികൾ

*100 [207] *ശ്രീ. ബി. വിജയകുമാർ:*
„ പി. ടി. തോമസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. മോഹൻകുമാർ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത കൈത്തറി മേഖലയ്ക്കുവേണ്ടി കേന്ദ്രത്തിൽനിന്നും എന്തെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്;

(ബി) ഇതിനു വേണ്ടിവരുന്ന ആകെ നിക്ഷേപം എത്ര;

(സി) എത്ര കൈത്തറി തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും;

(ഡി) എവിടെയെല്ലാമാണ് ഈ പദ്ധതികൾ തുടങ്ങുന്നത്?

ഉത്തരം

(എ) അസംഘടിത കൈത്തറി മേഖലയുടെ ഉന്നമനത്തിനായി കേന്ദ്രത്തിൽ നിന്നും അനുമതി ലഭിച്ച പദ്ധതികൾ:

1. *ഹെൽത്ത് പാക്കേജ്*

ഈ പദ്ധതി പ്രകാരം നെയ്ത്തുകാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് (പ്രതിവർഷം 1500 രൂപ), കണ്ണട വാങ്ങൽ (190 രൂപ), വനിതാ നെയ്ത്തുകാർക്കും നെയ്ത്തുകാരുടെ മക്കൾക്കും പ്രസവാനുകൂല്യം (500 രൂപ), വന്ധീകരണ ശസ്ത്രക്രിയയ്ക്ക് (100 രൂപ) തുടങ്ങിയവ നൽകുന്നു.

2. *ഹൗസ്-കം-വർക്ക്ഷെഡ്*

ഈ പദ്ധതി പ്രകാരം നെയ്ത്തുകാർക്ക് പണിപ്പുര നിർമ്മിക്കുന്നതിന് ഗ്രാമീണ മേഖലയിൽ 7,000 രൂപയും നഗരമേഖലയിൽ 10,000 രൂപയും പണിപ്പുര യോടുകൂടിയ വീട് നിർമ്മിക്കുന്നതിന് ഗ്രാമീണ മേഖലയ്ക്ക് 18,000 രൂപയും നഗര മേഖലയ്ക്ക് 20,000 രൂപയും നൽകിവരുന്നു. കൂടാതെ 'തനിമ' 'കൃതിക' എന്നീ രണ്ട് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 'തനിമ' പദ്ധതിയ്ക്ക് 14.64 കോടി രൂപയും കണ്ണൂർ ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 'കൃതിക' പദ്ധതിയ്ക്ക് 11.08 കോടി രൂപയുമാണ് വേണ്ടിവരുന്ന നിക്ഷേപം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 'തനിമ' പദ്ധതി പ്രകാരം 4,000 കൈത്തറി തൊഴിലാളികൾക്കും 'കൃതിക' പദ്ധതി പ്രകാരം 3,000 തൊഴിലാളികൾക്കും കൂടി മൊത്തം 7,000 തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

(ഡി) തിരുവനന്തപുരം ജില്ലയിൽ 'തനിമ' പദ്ധതിയും കണ്ണൂർ ജില്ലയിൽ 'കൃതിക' പദ്ധതിയുമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

ഹാന്റ്ലൂം ഹെറിറ്റേജ് സംഘം ആരംഭിക്കുവാൻ നടപടി

101 [208] *ശ്രീ. കെ. എ. ചന്ദ്രൻ:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:*
„ *കടവൂർ ശിവദാസൻ:*
„ *കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഹാന്റ്ലൂം ഹെറിറ്റേജ് സംഘം ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എവിടെ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇതിനായി 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിവരുന്നു.

പുതുതായി ആരംഭിക്കുവാനുദ്ദേശിക്കുന്ന അംഗൻവാടികൾ

102 [209] *ശ്രീ. ടി. പി. എം. സാഹിർ:*
„ *യു. സി. രാമൻ:*
„ *പി. കെ. കെ. ബാവ:*
„ *കളത്തിൽ അബ്ദുള്ള:*
„ *സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അംഗൻവാടികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly